**1007**

പ്രിയൻ വരും നാളിനിയധികമില്ല
സീയോൻ പുരം നമുക്കിനിയകലമല്ല

1 ഓട്ടം തികച്ചു നാമക്കരെ നാട്ടിൽ ഒട്ടും കണ്ണുനീരില്ലാത്ത വീട്ടിൽ
ഒരു നാളിൽ നാമണഞ്ഞിടുമ്പോൾ ഓടിപ്പോയിടും വിനകളെല്ലാം-

2 അവന്നായിന്നു നിന്ദകൾ സഹിച്ചും അപമാനങ്ങൾ അനുഭവിച്ചും
അവൻ വേലയിൽ തുടർന്നിടുന്നു അന്നുതരും താൻ പ്രതിഫലങ്ങൾ-

3 ഇരുളാണിന്നു പാരിതിലെങ്ങും ഇവിടില്ലൊരു സമാധാനവും
പരനേശുവിൻ വരവെന്നിയേ പാരിൽ നമുക്കു വേറാശയില്ല-

4 അന്ത്യനാളുകളാണിതെന്നറിഞ്ഞ് ആദ്യസ്നേഹത്തിൽ നമുക്കിനിയും
തിരുനാമത്തിൻ മഹിമകൾക്കായ് തീരാം താൻ പാരിൽ തരും നാളുൾ- **C.J**